ആനുകൂല്യം നമ്മുടെ നഗരപ്രദേശത്തോടൊപ്പം ഗ്രാമപ്രദേശത്തുള്ള പഞ്ചായത്തുകൾക്കും ലഭ്യമാക്കാൻ ആവശ്യമായ ഒരു ഇടപെടൽ അങ്ങ് നടത്തുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, റൂറൽ ഡവലപ്മെന്റിന്റെ കീഴിലാണ് ആ പദ്ധതി നടപ്പിലാക്കുന്നത് എന്നാണ് എന്റെ അറിവ്. പക്ഷെ ഏതു നഗരപ്രദേശത്ത് അത് നടപ്പാക്കുമ്പോഴും അതിന്റെ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, നേരത്തെ കണ്ണൂർ ഡവലപ്മെന്റ് അതോറിറ്റി നിലവിലുണ്ടായിരുന്നതാണ്. പിന്നീട് നിർത്തി. കണ്ണൂർ ഡെവലപ്മെന്റ് അതോറിറ്റി കണ്ണൂരിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് നേരത്തെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ആ മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ? കണ്ണൂർ ഡവലപ്മെന്റ് അതോറിറ്റി പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇത് അവിടെനിന്നുള്ള അഭിപ്രായമാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഡെവലപ്മെന്റ് അതോറിറ്റികൾ വേണ്ട എന്നുള്ളതാണ് അവിടെനിന്നുള്ള അഭിപ്രായം എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. പിന്നെ ഡെവലപ്മെന്റ് അതോറിറ്റി പുനഃസ്ഥാപിക്കണം എന്നുണ്ടെങ്കിൽ അക്കാര്യത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കാം.

ടെലി മെഡിസിൻ

*3. [127] ശ്രീ. സ്റ്റീഫൻ ജോർജ്:

„ തോമസ് ഉണ്ണിയാടൻ :

„ ജോസഫ് എം. പുതുശ്ശേരി :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ടെലി മെഡിസിൻ' സമ്പ്രദായം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സംരംഭം കൈവരിച്ചിട്ടുള്ള പുരോഗതിയും ഏതെല്ലാം ആശുപത്രികളിലാണ് ഈ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെലി മെഡിസിൻ സമ്പ്രദായം സാധാരണ ജനങ്ങൾക്ക് ചികിൽസാ രംഗത്ത് എത്രത്തോളം സഹായകരമായിരിക്കും എന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ,

(എ) സംസ്ഥാനത്ത് ഐ. എസ്. ആർ. ഒ. യുടേയും സീഡാക്കിന്റേയും സാങ്കേതികവും സാമ്പത്തികവുമായ സഹായത്തോടെ 1223.54 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പലാക്കിവരുന്നത്. 5 മെഡിക്കൽ കോളേജുകളിലും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലും 12 ജില്ലാ-താലൂക്ക് ആശുപത്രികളിലുമാണ് ഈ സംരംഭം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഐ. റ്റി. ഉപകരണങ്ങളും ഐ. എസ്. ആർ. ഒ. യിൽ നിന്നുള്ള ഉപകരണങ്ങളും മെഡിക്കൽ കോളേജുകളിൽ എത്തിയിട്ടുണ്ട്. ബാക്കി സെന്ററുകളിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ആർ. സി. സി. യിലും പത്തനംതിട്ട ജനറൽ ആശുപത്രിയിലുമാണ് ഈ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളത്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഒരു സെന്ററിൽ ചികിൽസക്കായി എത്തുന്ന രോഗികളുടെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടുതൽ സൗകര്യങ്ങളും വിദഗ്ദ്ധരും ഉള്ള സെന്ററുകളിലേയ്ക്ക് അയയ്ക്കുന്നതുകൊണ്ട് കൂടുതൽ വിദഗ്ദ്ധ ചികിൽസക്കുള്ള നിർദ്ദേശങ്ങൾ ഉടനെതന്നെ ലഭ്യമാകും. അതനുസരിച്ചുള്ള വിദഗ്ദ്ധ ചികിൽസ രോഗികൾക്ക് ഉടൻതന്നെ നൽകുവാൻ സാധിക്കുന്നു. ടെലി മെഡിസിൻ സംവിധാനത്തിലൂടെയുള്ള തുടർ വിദ്യാഭ്യാസ പദ്ധതിപ്രകാരം വിദഗ്ദ്ധർ കൂടുതൽ അറിവ് ശേഖരിക്കുകയും അതുവഴി മറ്റ് ഡോക്ടർമാരെ പരിശീലിപ്പിക്കുന്നതിന് സാധിക്കുകയും പൊതുജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കാൻ കഴിയുകയും ചെയ്യുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, ടെലി മെഡിസിൻ സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കുമ്പോൾ കേരളത്തിലെ ഏതൊക്കെ ആശുപത്രികളെയാണ് അതുമായി ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, എ. ഐ. ഐ. എം. എസ്., ജിപ്മർ, പി. ജി. ഐ. (ചണ്ഡിഗർ), എസ്. ജി. പി. ജി. ഐ. (ലക്നൗ), അമൃത ഇൻസ്റ്റിറ്റ്യൂട്ട്, ആർ. സി. സി., ശ്രീ ചിത്ര എന്നീ ആശുപത്രികളുമായി ബന്ധപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, ഏത് ഉപഗ്രഹം വഴിയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്, എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കാൻ കഴിയുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : എഡ്യൂസാറ്റ് വഴിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യോമയാന സർവ്വീസ്

*4. [128] ശ്രീ. പി. ടി. തോമസ് :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. കെ. എ. ചന്ദ്രൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാരിന് സ്വന്തമായി ഒരു വ്യോമയാന സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുവോ ; വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർക്കാർ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് വിമാന കമ്പനി തുടങ്ങുവാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി ഒരു വിശദമായ പ്രാവർത്തികതാപഠനം നടത്തിപ്പിക്കുന്നതിനും പ്രസ്തുത പഠനം ആരെ ഏൽപ്പിക്കണമെന്ന് തീരുമാനിക്കുന്നതിനും കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതിൻ പ്രകാരം മെസ്സേഴ്സ് ഏണസ്റ്റ് ആന്റ് യംഗ് എന്ന സ്ഥാപനത്തെ പ്രാവർത്തികതാപഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. സെപ്റ്റംബർ അവസാനത്തോടെ അവർ പ്രാവർത്തികതാപഠന റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമം

*5. [129] ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ് :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly